**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1904** **02-02-2024 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ പേയ്മെന്റ് സാധിക്കുന്ന തരത്തിൽ ടിക്കറ്റിങ് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. പ്രമോദ് നാരായൺ,<br>ശ്രീ. ജോബ് മൈക്കിൾ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | പതിവുയാത്രക്കാർക്ക് കെ.എസ്.ആർ.ടി.സി. ട്രാവൽ കാർഡുകൾ ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; | (എ) | പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | ആയതിലേക്ക് എന്തെങ്കിലും പഠനം നടത്തുകയോ ധാരണാപത്രം ഒപ്പിടുകയോ ചെയ്തിട്ടുണ്ടോ; ട്രാവൽ കാർഡുകൾ എത്ര രൂപയ്ക്കാണ് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നതെന്നും എത്ര കാർഡുകൾ ആദ്യഘട്ടത്തിൽ ലഭ്യമാക്കുമെന്നും വ്യക്തമാക്കാമോ; | (ബി) | ട്രാവൽ കാർഡുകൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ യാതൊരു ധാരണ പത്രവും ഒപ്പ വച്ചിട്ടില്ല. നിലവിൽ പ്രസ്തുത കാർഡിന് സ്റ്റേഷനറി ചാർജ്ജുകൾ ഒന്നും തന്നെയില്ല. 100 രൂപയുടെ കാർഡ് ആണ് തുടക്കത്തിൽ ഒരു യാത്രക്കാരന് ഇഷ്യൂ ചെയ്യുന്നത്. ടിയാന് ടി തുകയ്ക്ക് മുഴുവനായും യാത്ര ചെയ്യാവുന്നതാണ് കൂടാതെ ടി തുക തീരുന്ന പക്ഷം റീ ചാർജ്ജ് ചെയ്യുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ 1,30,010 കാർഡുകൾ സ്പോൺസർഷിപ്പ് മുഖാന്തരം ലഭിച്ചിരുന്നു നിലവിൽ പ്രസ്തുത കാർഡിന് യാത്രക്കാരിൽനിന്നു സ്റ്റേഷനറി ചാർജ്ജുകൾ ഒന്നും തന്നെ ഈടാക്കുന്നില്ല. |
| (സി) | ട്രാവൽ കാർഡുകൾ, എ.റ്റിഎം കാർഡുകൾ എന്നിവകൂടി ഉപയോഗിക്കുന്ന തരത്തിൽ വൈഫൈ സൗകര്യമുള്ള ടിക്കറ്റിങ് മെഷീനുകൾ വാങ്ങുന്നതിന് കർമ്മപദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഇതിനാവശ്യമായ ചെലവ് കണക്കാക്കിയിട്ടുണ്ടോ; പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (സി) | പദ്ധതി നടത്തിപ്പ് സംബന്ധിച്ച് വിശദമായി പരിശോധിച്ചുവരുന്നു. |
| (ഡി) | ട്രാവൽ കാർഡുകൾ ഉൾപ്പെടെ ഡിജിറ്റൽ പേയ്മെന്റ് സംവിധാനം സാധിക്കുന്ന തരത്തിൽ ടിക്കറ്റിങ് സംവിധാനം രൂപപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാമോ; | (ഡി) | പദ്ധതി നടത്തിപ്പ് സംബന്ധിച്ച് വിശദമായി പരിശോധിച്ചുവരുന്നു. |
| (ഇ) | സംസ്ഥാന വ്യാപകമായി ഡിജിറ്റൽ പേയ്മെൻറ് സംവിധാനം വിപുലീകരിക്കുന്നതിനും പരമാവധി പ്രചരിപ്പിക്കുന്നതിനും ആകർഷണീയമായ | (ഇ) | വിശദമായി പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | പാക്കേജുകൾ ലഭ്യമാക്കുവാനും നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ